# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം

1732 ശ്രീ.സണ്ണി ജോസഫ്
'' സി. പി. മുഹമ്മദ്
'' ഹൈബി ഈഡൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാനായി തുക നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(സി) സുതാര്യത ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനുമായി വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

1733 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യ വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് എക്സൈസ് വകുപ്പ് കുടുംബശ്രീയുടെ സഹകരണം തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) കുടുംബശ്രീ പ്രവർത്തകരുടെ സഹകരണം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് എപ്രകാരം കരുത്ത് പകരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) എങ്കിൽ ജനശ്രീയെ കൂടി ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

മദ്യവിരുദ്ധ ബോധവൽക്കരണം

1734 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഉപഭോഗത്തിനെതിരെ ബോധവത്ക്കരണം നടത്തുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര തുക ചെലവഴിച്ചു ; ബാക്കി തുകയെത്ര ;

(ബി) മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടികൾക്കായി രൂപീകരിച്ച സമിതിയുടെ പ്രവർത്തന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബോധവത്ക്കരണം സന്നദ്ധസംഘടകളുടെയും മദ്യനിരോധന സംഘടകളുടെയും സംയുക്ത സഹകരണത്തോടെ നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍</u>

1735 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യ/ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതമായി നടത്തുന്നതിനായി എസ്.പി.സി, എന്‍.എസ്.എസ്, കുടുംബശ്രീ, ലഹരി വിരുദ്ധ ക്ലബുകള്‍ എന്നീ സംഘടനകള്‍ വഴിയുള്ള ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) മദ്യ/ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിച്ച് സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പില്‍ എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(സി) ബോധവത്ക്കരണ പ്രവര്‍ത്തനങ്ങള്‍ ഓരോ നിശ്ചിത സമയ പരിധിയില്‍ അവലോകനം നടത്തി തുടര്‍നടപടികള്‍ സ്വീകരിക്കുവാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>സന്നദ്ധസംഘടനകളുടെ സഹായത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>

1736 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സന്നദ്ധസംഘടനകളുടെ സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങിയ സംഘടനകളെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഫലപ്രദമായ ലഹരിവിരുദ്ധ ബോധവത്ക്കരണത്തിനായി പ്രസ്തുത സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മദ്യ വിരുദ്ധ ബോധവത്കരണം</u>

1737 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യ വിരുദ്ധ \ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴച്ചുവെന്നത് തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത ബോധവത്കരണത്തിനായി സ്ഥിരം കൗൺസിലിംഗ് സെന്ററുകൾ സജ്ജീകരിക്കാമോ;

(സി) ബോധവത്കരണ പരിപാടി കാര്യക്ഷമമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും, മദ്യ നിരോധന സംഘടനകളുടെയും സഹകരണം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ദേശീയ പാതയോരത്തെ മദ്യഷാപ്പുകൾ</u>

1738 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരത്തെ മദ്യഷാപ്പുകൾ അടച്ചുപൂട്ടുന്നതിനുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാറിൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം</u>

1739 ശ്രീ.ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഈ നിയമം പ്രാബല്യത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ;

(സി) നൽകിയിട്ടുണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം</u>

1740 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി നിഷ്കർഷിച്ചുകൊണ്ട് ഉത്തരവിറക്കിയിരുന്നുവോ;

(ബി) എങ്കിൽ ഈ ഉത്തരവിന് ശേഷം സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്ഥാപനങ്ങൾ മദ്യഷാപ്പുകൾ അനുവദിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മദ്യ വിമുക്ത കേരളം പദ്ധതി</u>

1741 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "മദ്യ വിമുക്ത കേരളം പദ്ധതി"യിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മയക്കുമരുന്ന്, കഞ്ചാവ് റാക്കറ്റുകൾ</u>

1742 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന്, കഞ്ചാവ് റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് വിൽക്കാൻ കൊണ്ടുവന്ന കഞ്ചാവ് പിടികൂടിയ സംഭവമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കാൻ സംവിധാനം

1743 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

യുവാക്കൾക്കിടയിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം വര്‍ദ്ധിച്ചു വരുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മദ്യനയം</u>

1744 ശ്രീ.എ.എ.അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മദ്യനയം വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) മദ്യനയം രൂപീകരിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(സി) എത്ര പേരടങ്ങുന്നതാണ് കമ്മീഷൻ; അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നീരയുടെ ഉൽപാദനം</u>

1745 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപാദനം സംബന്ധിച്ച് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നീരയുടെ സംസ്കരണത്തിനാവശ്യമായ നിയമഭേദഗതികൾ അബ്കാരി ആക്ടിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>നീര ഉല്പാദനത്തിന് അബ്കാരി ആക്ടില്‍ മാറ്റം</u>

1746 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നീര ഉല്‍പാദനത്തിന് കര്‍ഷകര്‍ക്ക് സ്വാതന്ത്ര്യം നല്‍കുന്നതിന് അബ്കാരി ആക്ടില്‍ ആവശ്യമായ മാറ്റങ്ങള്‍ വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ബാറുകള്‍ക്ക് ലൈസന്‍സ്</u>

1747 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇപ്പോഴത്തെ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം എത്ര ബാറുകള്‍ക്ക് പുതിയതായി ലൈസന്‍സ് നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ:

(ബി) ഓരോ ബാറിന്റെയും പേരും സ്ഥലവും ഉള്‍പ്പെടെയുള്ള വിശദാംശങ്ങളും ലൈസന്‍സ് അനുവദിച്ച തീയതിയും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ബാര്‍ ലൈസന്‍സ്

1748 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ബാര്‍ ഹോട്ടലുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) 2013–14 സാമ്പത്തിക വര്‍ഷം ബാര്‍ ലൈസന്‍സ് പുതുക്കുന്നതിന് കിസ്ത്ത് തുകയില്‍ വര്‍ദ്ധനവ് വരുത്തിയോ;

(സി) ബാര്‍ ലൈസന്‍സ് പുതുക്കുന്നതിന് നിലവിലുള്ള കിസ്ത്ത് തുക എത്രയെന്നു വ്യക്തമാക്കാമോ; ക്ലാസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ബാര്‍ ലൈസന്‍സ് ആവശ്യപ്പെട്ടുള്ള എത്ര അപേക്ഷകള്‍ തീര്‍പ്പാക്കാതെ ഉണ്ട്; ഇവ തീര്‍പ്പാക്കുന്നതില്‍ കാലതാമസം എന്തെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ബാറുകളുടെ ലൈസൻസ് വിവരം</u>

1749 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ബാറുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ കോടതി വിധി പ്രകാരം ലൈസൻസ് ലഭിച്ചവയുടെയും അല്ലാത്തവയുടെയും എണ്ണം എത്രയെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ; കോടതി വിധി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്പീൽ പെറ്റീഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ബാറുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതിക്കാർ ആരൊക്കെയായിരുന്നു; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

കള്ളു ചെത്തു വ്യവസായ മേഖലയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധി

1750 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് മേഖലയിൽ നടപ്പിലാക്കുവാൻ പോകുന്ന നീര ചെത്ത് ശാസ്ത്രീയ അവലോകനത്തിന് വിധേയമാക്കിയിട്ടുണ്ടോ;

(ബി) നീര ചെത്ത് നടപ്പിലാക്കിയാൽ കള്ളു ചെത്തു വ്യവസായ മേഖലയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>അനധികൃത സ്പിരിറ്റ് കടത്ത്</u>

1751 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റു കടത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ട് കണക്കിലെടുത്ത് സ്പിരിറ്റ് മാഫിയകളെ നിയന്ത്രിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിനായി ഹൈവേ പട്രോളിങ്ങും അതിർത്തി പട്രോളിംഗും ശക്തിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട കേസുകൾ</u>

1752 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എത്ര എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിൽ;

(സി) സ്പിരിറ്റ് കടത്തുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനധികൃത സഹായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഹോളോഗ്രാം ലേബല്‍ നിര്‍മ്മാണം</u>

1753 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പിന്റെ ഹോളോഗ്രാം ലേബല്‍ നിര്‍മ്മാണം ഇതുവരെ ആരാണ് ചെയ്തുകൊണ്ടിരുന്നത്;

(ബി) സംസ്ഥാന സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള സ്ഥാപനത്തെ ഒഴിവാക്കി ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് ഹോളോഗ്രാം ലേബല്‍ നിര്‍മ്മാണചുമതല നല്‍കിയിട്ടുണ്ടോ;

(സി) എങ്കില്‍ ഇങ്ങനെ നല്‍കുവാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ബാറിലെ മാലിന്യം</u>

1754 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിലെ സ്വകാര്യ ബാറിൽ നിന്നും മാലിന്യം തോട്ടിലേക്കും തുറസായ സ്ഥലത്തേക്കും ഒഴുക്കി വിടുന്നത് പ്രദേശവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി ആസ്ഥാനമായി എക്സൈസ് സർക്കിൾ ഓഫീസ്</u>

1755 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ആസ്ഥാനമായി എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിച്ച് ആവശ്യമായ സ്റ്റാഫ്, വാഹനം എന്നിവ അനുവദിക്കുന്നതിനും, ചാലക്കുടി കിഴക്കൻ മേഖലയിൽ ഒരു എക്സൈസ് റെയിഞ്ച് ഓഫീസ് പുതുതായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി വെറ്റിലപ്പാറയിൽ സ്ഥിതിചെയ്യുന്ന എക്സൈസ് ചെക്ക്പോസ്റ്റ്, റെയിഞ്ച് ഓഫീസ് ആക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>എക്സൈസ് ഷോപ്പിംഗ് കോംപ്ലക്സ്</u>

1756 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ എക്സൈസ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ

1757 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിലെ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിൽ വരുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നുവെന്നും ആയതിൽ ചെലവഴിച്ചതും ചെലവഴിക്കാൻ സാധിക്കാതെ പോയതുമായ തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി</u>

1758 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി' നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പുതിയ ഫിഷിംഗ് ഹാര്‍ബര്‍</u>

1759 ശ്രീ. റ്റി. എന്‍. പ്രതാപന്‍
'' തേറമ്പില്‍ രാമകൃഷ്ണന്‍
'' വി. പി. സജീന്ദ്രന്‍
'' കെ. അച്ചുതന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫിഷിംഗ് ഹാര്‍ബറുകള്‍ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ</u>

1760 ശ്രീ. സണ്ണി ജോസഫ്
'' പാലോട് രവി
'' വി. ഡി. സതീശൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ബോൾഗാട്ടി പദ്ധതി</u>

1761 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബോൾഗാട്ടി പദ്ധതിക്ക് ആഗോള തലത്തിൽ ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ആരൊക്കെ ടെണ്ടറിൽ പങ്കാളിയായിരുന്നെന്നും ടെണ്ടർ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ടെണ്ടർ നടപടികൾക്ക് ശേഷം നിബന്ധനകളിൽ മാറ്റം വരുത്തിയിരുന്നോ;

(സി) മാറ്റിയിട്ടുണ്ടെങ്കിൽ ഈ നിബന്ധന ടെണ്ടറിൽ പങ്കാളികളായ എല്ലാവരെയും അറിയിച്ചിരുന്നോ;

(ഡി) ആഗോളതലത്തിൽ ഒറ്റ ടെണ്ടർ മാത്രം വന്നാൽ റീ ടെണ്ടർ വിളിക്കണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ;

(ഇ) എങ്കിൽ ഈ വ്യവസ്ഥ പ്രസ്തുത ടെണ്ടറിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എഫ്) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കൊച്ചിന്‍ പോര്‍ട്ട് ട്രസ്റ്റിന്റെ സ്ഥലം ലുലു ഗ്രൂപ്പിന് പാട്ടത്തിന് നല്‍കിയ നടപടിക്രമം</u>

1762

ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചിന്‍ പോര്‍ട്ട് ട്രസ്റ്റിന്റെ മുളവുകാട് ബോള്‍ഗാട്ടിയിലുള്ള സ്ഥലം ലുലു ഗ്രൂപ്പിന് പാട്ടത്തിന് നല്‍കിയിട്ടുള്ളത് എത്ര വര്‍ഷത്തേക്കാണെന്നും ഇതിനായി സ്വീകരിച്ച നടപടി ക്രമങ്ങള്‍ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) എത്ര ഏക്കര്‍ ഭൂമിയാണ് പാട്ടത്തിനായി നല്‍കിയതെന്നും പാട്ടമായി ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) പാട്ടത്തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഹൗസ് ബോട്ടുകൾ മൂലമുള്ള ജലമലിനീകരണം</u>

T-1763 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ജലമലിനീകരണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹൗസ് ബോട്ടുകളിൽ നിന്നും ഉണ്ടാകുന്ന എല്ലാത്തരം മാലിന്യങ്ങളും ബോട്ടുകളിൽ തന്നെ സംസ്ക്കരിക്കുന്നതിന് സംവിധാനമുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രം ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>തുറമുഖ വകുപ്പിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർ</u>

1764 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ നിന്നും 2013-ൽ മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടുള്ള ഡയറക്ടറുടെ നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവരിൽ ഓരോരുത്തരുടേയും തസ്തികയും അവരെ പിരിച്ചുവിടാനുണ്ടായ കാരണങ്ങളും വിശദമാക്കാമോ;

(സി) ഇവരെ പിരിച്ചുവിടുന്നതിനു മുമ്പ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ച ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ ജീവനക്കാരെ പിരിച്ചുവിടുന്നതിനു മുമ്പ് എല്ലാ സർവ്വീസ് ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>തുറമുഖ വകുപ്പിൽ നിന്നും ജീവനക്കാരെ പിരിച്ചുവിടുന്നതിന് സ്വീകരിച്ച നടപടിക്രമം</u>

1765 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും ജീവനക്കാരെ പിരിച്ചുവിടുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഈ വർഷം മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടതായുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇവരിൽ ഓരോരുത്തരെയും പിരിച്ചുവിടുന്നതിനു മുമ്പ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ചട്ടപ്രകാരം ഓരോരുത്തരെയും പിരിച്ചുവിടുന്നതിനു മുമ്പായി സർക്കാരിൽ നിന്നും ലഭിച്ച അനുമതിയുടെയും ഓരോ ഘട്ടത്തിലുമുള്ള തുറമുഖ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(എഫ്) ഈ ജീവനക്കാരെ പിരിച്ചുവിടുന്നതിനുമുമ്പായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അനുമതിപത്രത്തിന്റെ പകർപ്പും ഉൾപ്പെടെ ലഭ്യമാക്കാമോ;

(ജി) സർവ്വീസ് ചട്ടങ്ങൾ പാലിക്കാതെയാണ് ഈ ജീവനക്കാരെ പിരിട്ടുവിട്ടതെങ്കിൽ അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ്

1766 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഡ്രഡ്ജ് ചെയ്തു കിട്ടുന്ന മണൽ ടെണ്ടർ ചെയ്തു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മണൽ കരിമണൽ ആണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുറക്കാട് ഗ്രാമ പഞ്ചായത്തിൽ ലാന്റ് ബാങ്കിന്റെ കീഴിലുള്ള സ്ഥലം തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ നിന്നും ലഭിക്കുന്ന മണൽ ഉപയോഗിച്ച് നികത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്ത് ഭരണ സമിതി പ്രസ്തുത ആവശ്യം ഉന്നയിച്ച് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

1767 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണപ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പൊക്കാളി മത്സ്യകൃഷി</u>

1768 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, എ. ടി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊക്കാളി മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച പഠനം നടത്തുന്നതിനായി ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പൊക്കാളി മത്സ്യ കൃഷി സംരക്ഷിക്കുന്നതിനായി എന്തു തുക ധനസഹായം നൽകിയിട്ടുണ്ട്; ഇതിനായി കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളികള്‍ക്ക് ബയോമെട്രിക് കാര്‍ഡുകള്‍</u>

1769 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍
,, കെ. ശിവദാസന്‍ നായര്‍
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ മത്സ്യതൊഴിലാളികള്‍ക്കും ബയോമെട്രിക് കാര്‍ഡുകള്‍ വിതരണം ചെയ്യാന്‍ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മത്സ്യ വിത്തു നിയമം</u>

1770 ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിത്തു നിയമം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പുഴകളിലെ സ്വാഭാവിക മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ലഭ്യമായ ജലസംഭരണികളെല്ലാം മത്സ്യം വളർത്തുന്നതിന് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം</u>

1771

ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഭവനരഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും</u>

1772 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കാനായി 2012-13-ലെ ബജറ്റ് പ്രഖ്യാപനത്തിലെ ഏതെല്ലാം പരിപാടികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) നാവിക നിയമങ്ങൾ, കടൽസുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയിൽ തീവ്ര പരിശീലനം നൽകുന്നതിനായി 2012-13-ലെ ബജറ്റിൽ വകുയിരുത്തിയ 2 കോടി രൂപായിൽ എത്ര തുക എന്തെല്ലാം പരിപാടികൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

1773 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സമുദ്രത്തിലെ 200 നോട്ടിക്കൽമൈൽ 'എക്സ്ക്ലൂസീവ് എക്കണോമിക് സോൺ' എന്ന നിലയിൽ സംസ്ഥാനത്തിന് മത്സ്യബന്ധനാവകാശമുള്ള മേഖലയാണെങ്കിലും പ്രസ്തുത മേഖലയേയും, തൊഴിലാളികളേയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധമുള്ള നിയമത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

1774 ശ്രീ ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സമ്പത്ത് വിനിയോഗിക്കുന്നതിനുമായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി</u>

1775 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അനുബന്ധ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കു നൽകി വരുന്ന വീടു നിർമ്മാണ ധനസഹായം അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രതിവർഷം 240/- രൂപ നിക്ഷേപിക്കുന്ന അനുബന്ധ മത്സ്യതൊഴിലാളികൾക്ക് പെൻഷനു പുറമെ, ബോർഡിന്റെ മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

1776 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിരിക്കുന്നത് ;

(ബി) ഏതെല്ലാം ജില്ലകളിൽ ആണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് ;

(സി) ഓരോ ജില്ലയ്ക്കും എത്ര തുക അനുവദിച്ചു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫലമായി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഇ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ; ഏതെല്ലാം പഞ്ചായത്തുകളിൽ വിജയകരമായി നടപ്പിലാക്കി ;

(എഫ്) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ 'മത്സ്യസമൃദ്ധി' പദ്ധതി നടപ്പിലാക്കി ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ</u>

1777 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ എത്രയാണ്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

മാതൃകാ മത്സ്യ ഗ്രാമം പദ്ധതി

1778 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യ ഗ്രാമം പദ്ധതി ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കി വരുന്നത്;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയുമോ; എങ്കിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് മാനദണ്ഡം എന്താണ്;വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലെ ഭവനനിർമ്മാണം</u>

1779 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഭവന നിർമ്മാണത്തിന് വേണ്ടി യഥാസമയം അപേക്ഷ നൽകുവാൻ കഴിയാത്തവർക്ക് വീണ്ടും അപേക്ഷ നൽകുവാൻ അവസരം നൽകുമോ;

(ബി) ആവശ്യത്തിന് അപേക്ഷകർ ഇല്ലെങ്കിൽ ജില്ലയിലെത്തന്നെ മറ്റു പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് നിശ്ചിത മാനദണ്ഡമനുസരിച്ച് വീട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള സമുദ്രാതിര്‍ത്തി

1780 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള സമുദ്രാതിര്‍ത്തി നിലവില്‍ എത്ര നോട്ടിക്കല്‍ മൈലാണ് ;

(ബി) സമുദ്രാതിര്‍ത്തി നിര്‍ണ്ണയിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്; വിശദാംശം നല്‍കുമോ ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി സമുദ്രാതിര്‍ത്തി മാനദണ്ഡം പുനര്‍നിര്‍ണ്ണയിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ ശോഷണം</u>

1781 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ ശോഷണം സംഭവിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏതെങ്കിലും മത്സ്യങ്ങൾ നമ്മുടെ കടലിൽ നിന്നും ഇല്ലാതാകുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ കുറവ് ഉണ്ടാകാനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെടുത്തി മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്, മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഇന്ത്യയിലേയ്ക്ക് ശ്രീലങ്കയിൽ നിന്ന് മത്സ്യങ്ങളുടെ ഇറക്കുമതി</u>

1782

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയും ശ്രീലങ്കയുമായുണ്ടാക്കിയ ഉഭയകക്ഷി കരാറനുസരിച്ച് ഇന്ത്യയിലേയ്ക്ക് ശ്രീലങ്കയിൽ നിന്ന് മൽസ്യം ഇറക്കുമതി ചെയ്യുന്നതായി അറിയാമോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിൽപ്പെട്ട മൽസ്യങ്ങളാണ് ഇറക്കുമതി ചെയ്യുന്നത് എന്ന് അറിയിക്കാമോ;

(സി) മൽസ്യ ഇറക്കുമതി മൂലം മൽസ്യ തൊഴിലാളികൾക്ക് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ചെമ്മീൻകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

1783 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി അഡാക്കിന്റെ കീഴിൽ ആരംഭിച്ച മോഡേൺ ഷ്റിംപ് ഫാം & ട്രെയിനിംഗ് സെന്റർ, പൊയ്യ (തൃശൂർ), കണ്ണൂരിലെ എരഞ്ഞോളി ഫാം എന്നിവ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഉണ്ടാക്കിയ ലാഭനഷ്ടകണക്കുകൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിലാണെങ്കിൽ ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അഡാക്ക് ഭരണസമിതി</u>

1784 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അഡാക്ക് ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും കർഷക പ്രതിനിധികളെ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2013–ലെ മറുപടിക്ക്**

<u>ആധുനിക മറൈൻ ആംബുലൻസ് സംവിധാനം</u>

1785 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതിന് അത്യാധുനിക മറൈൻ ആംബുലൻസ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

**മണലൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനർ നിർമ്മാണം**

1786 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷങ്ങളിൽ മണലൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ അനുമതി നൽകിയ നിർമ്മാണ പ്രവർത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) 2012-13 വർഷത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡുകളായ (1) അഹമ്മദ് മെമ്മോറിയൽ റോഡ്, (2) ശാന്തി റോഡ്, (3) ഗാന്ധിജി റോഡ് എന്നിവയുടെ പുനർ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന സ്ഥലം എം.എൽ.എ യുടെ നിർദ്ദേശപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) 2013-14 വർഷത്തിൽ മണലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മണലൂർ നിയോജക മണ്ഡലത്തിലെ ഫിഷ്ലാന്റിംഗ് സെന്ററുകൾ</u>

1787 ശ്രീ.പി.എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വാടനാപ്പള്ളി ബീച്ചിൽ ഫിഷ്ലാന്റിംഗ് സെന്ററും വെങ്കിടങ്ങ് പഞ്ചായത്തിലെ പള്ളിക്കടവിൽ ഉൾനാടൻ ഫിഷ് ലാന്റിംഗ് സെന്ററും ആരംഭിക്കണമെന്ന് മണലൂർ എം.എൽ.എ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉൾപ്പെടെ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വാടാനപ്പള്ളി ഫിഷറീസ് കോളനിയിലെ ഇരട്ടവീടുകൾ</u>

1788 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ഫിഷറീസ് കോളനിയിൽ പട്ടയം ലഭിച്ച എത്ര ഇരട്ടവീടുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനിയോട് അനുബന്ധിച്ച് ഫിഷറീസ് വകുപ്പിന് എത്ര സെന്റ് പുരയിടം ഉണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കോളനിയിലെ ഇരട്ടവീടുകൾ ഒറ്റവീടുകൾ ആക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഫിഷറീസ് വകുപ്പ് വക സ്ഥലം അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടതുമായ ആവശ്യകതയിലേയ്ക്ക് 12.02.2013-ൽ സ്ഥലം എം.എൽ.എ. നിവേദനം നൽകിയിരുന്നോ;

(ഡി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മത്സ്യ സമൃദ്ധി</u>

1789 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വട്ടടിപടി – വാണിയപുടിപടി കോസ്റ്റൽ റോഡ്
പുനരുദ്ധാരണം</u>

1790 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലവടി ഗ്രാമപഞ്ചായത്തിലെ വട്ടടിപടി മുതൽ വാണിയപുടി പടി വരെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽപ്പെടുത്തി റോഡ് പുനരുദ്ധാരണത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മത്സ്യക്കൃഷി</u>

1791 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ എവിടെയെല്ലാമാണ് മത്സ്യക്കൃഷി നടത്തിവരുന്നത്; ഏതിനം മത്സ്യങ്ങളാണ് ഇവിടെ കൃഷി ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ധാരാളം കായൽ പ്രദേശവും ജലസംഭരണികളും മത്സ്യക്കൃഷിയിൽ താൽപര്യം ഉള്ള കർഷകരും ഉണ്ടായിരുന്നിട്ടും പ്രസ്തുത പ്രദേശത്ത് മത്സ്യക്കൃഷിക്ക് വേണ്ടത്ര പ്രാധാന്യം നൽകിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശത്ത് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

നെയ്യാറ്റിൻകര മണ്ഡലത്തിൽ തീരദേശ റോഡ് നവീകരിക്കുന്നതിന് പദ്ധതി

1792 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര തീരദേശ റോഡ് നവീകരിക്കുന്നതുൾപ്പെടെ ഏതെല്ലാം പദ്ധതികൾക്കാണ് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇപ്പോൾ പ്രവർത്തികൾ ഏത് ഘട്ടംവരെയായെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഫിഷറീസ് വകുപ്പ് അനുവദിച്ച ഏതെങ്കിലും പദ്ധതികൾ ഇനിയും ആരംഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) 2013-2014 വർഷം നെയ്യാറ്റിൻകര മണ്ഡലത്തിലെ തകർന്നുകിടക്കുന്ന തീരദേശറോഡുകൾ ഉൾപ്പെടെ മറ്റ് പ്രവൃത്തികളുടെ നവീകരണത്തിന് ഭരണാനുമതി നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാന്റിംഗ് സെന്റർ</u>

1793 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എന്നാണ് ആരംഭിച്ചത്; പ്രസ്തുത പ്രവർത്തനത്തിന്റെ നാളിതുവരെയുളള പുരോഗതി വിശദമാക്കുമോ;

(സി) സാദ്ധ്യതാപഠനങ്ങൾ എന്നത്തേക്ക് പൂർത്തീകരിച്ച് മിനി ഫിഷ് ലാന്റിംഗ് സെന്റർ എത്രനാൾക്കകം നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; കാലതാമസം ഒഴിവാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>

1794 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ ഫിഷറീസ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര റോഡുകളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക, പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവ, ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ എന്നും വിശദമാക്കുമോ;

(ബി) 2012-2013-ൽ ഫിഷറീസ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും അടങ്കൽ തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വ്യക്തമാക്കുമോ;

(സി) 2011-12, 2012-13 വർഷങ്ങളിൽ അമ്പലപ്പുഴ എം.എൽ.എ. ശുപാർശ ചെയ്ത ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) 2012-2013-ൽ അമ്പലപ്പുഴ എം.എൽ.എ. ശുപാർശ ചെയ്ത എല്ലാ റോഡുകൾക്കും ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കണ്ണൂര്‍ വിമാനത്താവളനിര്‍മ്മാണ പുരോഗതി</u>

1795 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ വിമാനത്താവളനിര്‍മ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) കണ്ണൂര്‍ വിമാനത്താവളം എന്നത്തേയ്ക്ക് പ്രാവര്‍ത്തികമാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

1796

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിനായുള്ള മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മൂന്നാംഘട്ടത്തിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചത് എപ്പോഴാണ്;

(ഡി) മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വില നിർണ്ണയത്തിൽ അപാകതയുള്ളതായ ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഇ) ഏറ്റെടുത്ത ഭൂമിയിൽ, ഭൂമിയുടെ അവാർഡിനു ശേഷം എത്ര എൽ.എ.ആർ. കേസ്സുകളാണ് നിലവിലുള്ളത്;

(എഫ്) പ്രസ്തുത കേസ്സുകൾ തീർപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ജി) മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ കൂടാതെ, റൺവേ നിർമ്മാണത്തിന് അധികഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ അതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണം</u>

1797 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി 04.03.1998 ലെ വിജ്ഞാപന പ്രകാരം എത്ര ഭൂമി ഏറ്റെടുത്തു ; എപ്പോഴാണ് കെ.ഐ.എ.എൽ.ന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയത് ;

(ബി) 22.08.2007 ലെ വിജ്ഞാപന പ്രകാരം എത്ര ഭൂമി ഏറ്റെടുത്തു ; എപ്പോഴാണ് കെ.ഐ.എ.എൽ. ന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയത് ;

(സി) മൂന്നാം ഘട്ടമായി ഏറ്റെടുക്കലിനു വിജ്ഞാപനം പുറപ്പെടുവിച്ചതെന്നാണ് ; പ്രസ്തുത വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് ; വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞിട്ടും ഭൂമി ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വിജ്ഞാപന കാലാവധി ദീർഘിപ്പിക്കുവാൻ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ;

(ഡി) റൺവേ നിർമ്മാണത്തിന് എത്ര ഭൂമി വേണ്ടിവരുമെന്നും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ</u>

1798 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ ക്ഷണിച്ചത് എപ്പോഴാണ്; വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി എന്നായിരുന്നു;

(സി) എത്ര അപേക്ഷകൾ ലഭിച്ചു;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് അപേക്ഷകൾ ലഭിച്ചത്;

(ഇ) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സമിതിയുടെ ഘടന എന്താണ്;

(എഫ്) അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിക്കു ശേഷം പ്രസ്തുത കമ്മിറ്റി അപേക്ഷാ പരിശോധനകൾക്കായി എത്ര യോഗം ചേർന്നു; ഏതെല്ലാം തീയതികളിൽ എവിടെവച്ചാണ് ഓരോ യോഗവും ചേർന്നത്; ഓരോ യോഗത്തിലും പങ്കെടുത്തവർ ആരെല്ലാമാണ്;

(ജി) 'റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ' അപേക്ഷകളിന്മേൽ അന്തിമ തീരുമാനം എടുക്കുവാൻ കാലതാമസം നേരിടുന്നതെന്താണെന്നു വ്യക്തമാക്കുമോ;

(എച്ച്) അപേക്ഷകളിന്മേൽ എപ്പോൾ തീരുമാനം കൈക്കൊള്ളുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

'എയർ കേരള' യുടെ പ്രവർത്തനം

1799

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'എയർ കേരള'യുടെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) 'എയർ കേരള' വഴി ആഭ്യന്തര സർവ്വീസും അന്താരാഷ്ട്ര സർവ്വീസും ലക്ഷ്യമിടുന്നുണ്ടോ;

(സി) എത്ര വിമാനങ്ങളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>തിരുവനന്തപുരം വിമാനത്താവളത്തിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷനും എയ്റോപോളിസ് പദ്ധതിയും</u>

1800 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷന് പറ്റിയ ചുറ്റുപാടുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പ്രസ്തുത രീതി നടപ്പിൽ വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനോടൊപ്പം എയ്റോപോളിസ് പദ്ധതികൂടി നടപ്പിൽവരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവളത്തിലെ ബാഗേജ് നീക്കം</u>

1801 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ ബാഗേജ് നീക്കം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇവിടെ 'ഇൻലൈൻ ബാഗേജ് ക്ലിയറൻസ്' സംവിധാനത്തിന് വേണ്ടി യന്ത്രങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് വന്നതെന്നും ഇത് പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങും എന്ന് വ്യക്തമാക്കുമോ?